# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1603 | | 06.03.2017-ൽ മറുപടിയ്ക്ക് | |
|---|---|---|---|
| മാലിന്യ സംസ്കരണ സംവിധാനം | | | |
| ചോദ്യം | | ഉത്തരം | |
| ശ്രീ.ടി.എ.അഹമ്മദ് കബീർ<br>ഡോ.എം. കെ. മുനീർ<br>ശ്രീ.കെ.എം.ഷാജി<br>ശ്രീ.പി.കെ.അബ്ദു റബ്ബ് | | ഡോ.കെ.ടി.ജലീൽ<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി | |
| (എ) | മാലിന്യ സംസ്കരണ സംവിധാനം ഏർപ്പെടുത്തേണ്ടത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഉത്തരവാദിത്തമാണെങ്കിലും, മാലിന്യ പ്രശ്നം ഗുരുതര സ്വഭാവം കൈവരിച്ചിട്ടുള്ള സാഹചര്യത്തിൽ ഒരു സമ്പൂർണ്ണ മാലിന്യ സംസ്കരണ നയം രൂപീകരിക്കുന്ന കാര്യം പരിഗണിക്കുമോ; | (എ) | മാലിന്യ സംസ്കരണ നയം രൂപീകരിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. |
| (ബി) | ജൈവ മാലിന്യ സംസ്കരണം, ഉറവിടത്തിൽ നടത്തണമെന്ന നിർദ്ദേശം, ഒരു പരിധി വരെ പ്രായോഗികമാണെങ്കിലും, ഖര, ഇലക്ട്രോണിക്, രാസമാലിന്യങ്ങളുടെ സംസ്കരണം, പുനരുപയോഗം എന്നിവ കേന്ദ്രീകൃത സംവിധാനത്തിലൂടെ മാത്രമേ പ്രായോഗികമാക്കാനാവൂ എന്ന കാര്യം ശ്രദ്ധയിൽ വന്നിട്ടുണ്ടോ; | (ബി) | പ്ലാസ്റ്റിക്, ഇലക്ട്രോണിക് മാലിന്യങ്ങൾ എന്നിവ അവയുടെ തരമനുസരിച്ച് പുനചംക്രമണ വ്യവസായ സ്ഥാപനങ്ങളിൽ സംസ്കരിക്കണമെന്നും, രാസമാലിന്യങ്ങൾ സംസ്കരിക്കുന്നതിനായി കേന്ദ്രീകൃതമായി ഹസാർഡസ് വേസ്റ്റ് എഞ്ചിനീയറിംഗ് ലാൻഡ്ഫില്ലിംഗ് അഥവാ സെക്യൂർഡ് ലാൻഡ്ഫിൽ സംവിധാനം ഒരുക്കേണ്ടതായിട്ടുണ്ടെന്ന കാര്യവും ശ്രദ്ധയിൽ വന്നിട്ടുണ്ട്. |
| (സി) | ഇക്കാര്യത്തിന് രൂപീകരിച്ച ക്ലീൻ കേരള കമ്പനി ശേഖരിച്ച ഇ-മാലിന്യം സംസ്കരിച്ച് പുനരുപയോഗ സാദ്ധ്യമാക്കാനുള്ള ശ്രമം പൂർണ്ണമായി വിജയിക്കാത്തതുമൂലം, തുടർ ശേഖരണം തടസ്സപ്പെട്ട സാഹചര്യത്തിൽ ഖര, ഇ-വേസ്റ്റുകൾ പുന:ചംക്രമണം നടത്തി വരുമാനമുണ്ടാക്കാൻ സാധിക്കുംവിധമുള്ള കേന്ദ്രീകൃത പദ്ധതികളെക്കുറിച്ച് ആലോചിക്കുമോ? | (സി) | പുനചംക്രമണ വിധേയമായ മാലിന്യങ്ങൾ സുരക്ഷിതമായി പരിപാലിക്കുന്നതിനുള്ള പദ്ധതികൾ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ.